റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറോട് ഗതാഗത കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെതുടർന്ന് ടാർ ചെയ്യുന്നതിലേയ്ക്കാവശ്യമായ എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പാറശ്ശാല പി.ഡബ്ല്യു.ഡി, അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

ഓൺലൈൻ സേവനങ്ങൾ

223(2943) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർവാഹന വകുപ്പുമായി ബന്ധപ്പെട്ട് ഒരു വ്യക്തിക്ക് ഓഫീസ് സന്ദർശിക്കാതെ പൂർണ്ണമായും ഓൺലൈൻവഴി പൂർത്തീകരിക്കാവുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഡ്രൈവിംഗ് ടെസ്റ്റ് ഒഴികെ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച എല്ലാവിധ സേവനങ്ങളും ഫാൻസി നമ്പർ റിസർവേഷൻ, വാഹനങ്ങളുടെ നികുതിയടവ്, വിവിധ പെർമിറ്റുകൾ സംബന്ധിച്ച സേവനങ്ങൾ ഉൾപ്പെടെ 36 സേവനങ്ങൾ ഓഫീസിൽ പോകാതെ പൂർണ്ണമായും ഓൺലൈൻ മുഖാന്തരം ലഭ്യമാണ്. പഴയ സോഫ്റ്റ്വെയറിൽ നിന്നും ഡാറ്റ വാഹൻ സാരഥിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇത്തരത്തിൽ മാറ്റപ്പെട്ടിട്ടുള്ള ലൈസൻസ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയവയിൽ ചിലതിന് ഡാറ്റയിലുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഇ-മെയിൽ മുഖാന്തരമോ ഫോൺ മുഖേനയോ നേരിട്ടോ ശ്രദ്ധയിൽപ്പെടുമ്പോൾ വേഗത്തിൽ തന്നെ പരിഹരിച്ച കൊടുക്കുന്നുണ്ട്. ഓൺലൈൻ മുഖാന്തരം ലഭ്യമാകുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഇലക്ട്രിക് വാഹനങ്ങൾ

224 (2944) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗത സംവിധാനം പ്രകൃതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ പരമാവധി നിയന്ത്രിക്കുന്നതിനും അവയുടെ സ്ഥാനത്ത് ഇലക്ട്രിക്/ഹരിത ഇന്ധന വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമാണ് സർക്കാർ സമീപനം. ഇലക്ട്രിക് വാഹന

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly